## സർക്കുലർ

8/ 9/NSS/DHSE/2016 20 /05/2016

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഈ വർഷം മുതൽ എൻഎസ്എസ് സർട്ടിഫിക്കറ്റ് ഓൺലൈൻ വഴി (പരീക്ഷ ഹാൾടിക്കറ്റ് നൽകുന്ന വിധത്തിൽ) നൽകുന്നു.

**പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

എൻഎസ്എസ് യൂണിറ്റുകൾ www.dhsenss.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് താഴെപ്പറയുന്ന ഫോർമാറ്റിൽ പ്രിന്റ് എടുക്കേണ്ടതാണ്.

1. **A4 size 100GSM Executive bond paper**
2. **colour print**.
3. സർട്ടിഫിക്കറ്റിലെ രജിസ്റ്റർ നമ്പർ, എൻറോൾമെന്റ് നമ്പർ എന്നിവ വിദ്യാലയ ത്തിലെ എൻറോൾമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി വോളണ്ടിയറുടെ ഒപ്പ് വാങ്ങിയ ശേഷം യൂണിറ്റിൽ സൂക്ഷിക്കേണ്ടതാണ്.
4. എൻഎസ്എസ് സർട്ടിഫിക്കറ്റിൽ കൃത്യമായി രജിസ്റ്റർ നമ്പറും എൻറോൾമെന്റ് നമ്പറും വോളണ്ടിയറുടെ പേരും ഡയറക്ടറുടെയും പ്രോഗ്രാം കോഡിനേറ്ററു ടെയും ഫാസിമിലി എന്നിവ വ്യക്തമായി പതിഞ്ഞിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ട താണ്.
5. ഏതെങ്കിലും അർഹരായ വിദ്യാർത്ഥിയുടെ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെങ്കിൽ അക്കാര്യം ഉടനെ ഹയർ സെക്കണ്ടറി എൻഎസ്എസ് സെല്ലിലേയ്ക്ക് അറിയി യ്ക്കേണ്ടതാണ്.
6. സർട്ടിഫിക്കറ്റിൽ ഡ്യൂപ്ലിക്കേഷനോ, വ്യത്യാസമോ, ഫാസിമിലി പതിയ്ക്കാതെയോ മറ്റു അപാകതകളോ വന്നിട്ടുണ്ടെങ്കിൽ അവ വിതരണം ചെയ്യുവാൻ പാടുള്ളതല്ല.
7. സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിയുടെ ഫോട്ടോ(Stamp size) വലതു വശത്ത് മുകളിൽ സർക്കാർ എംബ്ലത്തിനു സമീപം 3 സെ.മീ. മാറി പതിയ്ക്കേണ്ടതും വൃത്താകൃതിയി

ലുള്ള ചെറിയ സ്കൂൾ സീൽ പകുതി ഫോട്ടോയിലും പകുതി സർട്ടിഫിക്കറ്റിലും വരത്തക്കവിധം പതിപ്പിച്ചതിന് ശേഷം വിതരണം നടത്തേണ്ടതാണ്.

8. സർട്ടിഫിക്കറ്റ് വിതരണത്തിന് മുൻപ് പ്രിൻസിപ്പൽ സർട്ടിഫിക്കറ്റിൽ ഒപ്പ് വയ്ക്കേണ്ടതും ഡെസിഗ്നേഷൻ സീൽ, സ്കൂൾ സീൽ എന്നിവ നിശ്ചിത സ്ഥാനത്ത് പതിയ്ക്കേണ്ടതുമാണ്.
9. **സർട്ടിഫിക്കറ്റിൽ പ്രിൻസിപ്പൽ പച്ച മഷി ഉപയോഗിച്ച് ഒപ്പിടാൻ പാടുള്ളതല്ല.**
10. സർട്ടിഫിക്കറ്റുകൾ തിരികെ ലഭ്യമാകാത്ത വിധം നഷ്ടപ്പെടുന്നവർക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് സെല്ലിൽ നിന്നും മാത്രമേ വിതരണം ചെയ്യുകയുള്ളൂ. ഇതിനായി പരീക്ഷ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുമ്പോൾ സ്വീകരിയ്ക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചു(ഫീസും-മുദ്രപത്രത്തിലെ അഫിഡവിറ്റും ഹാജരാക്കി) പ്രിൻസിപ്പലിന്റെ റിപ്പോർട്ടും ശുപാർശയും രേഖപ്പെടുത്തി സമർപ്പിയ്ക്കേണ്ടതാണ്.
11. വിദ്യാർത്ഥികളിൽ നിന്നും സർട്ടിഫിക്കറ്റ് ഇനത്തിൽ ഫീസ് ഈടാക്കുകയോ മറ്റു വിധത്തിലുള്ള പണശേഖരണമോ നടത്തുവാൻ പാടുള്ളതല്ല. അപാകതകൾ ശ്രദ്ധയിൽപെട്ടാൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതാണ്. സർട്ടിഫിക്കറ്റിനുള്ള ചിലവ് റെഗുലർ ആക്ടിവിറ്റി ഫണ്ടിൽ നിന്നും വഹിയ്ക്കാവുന്നതാണ്.
12. എൻഎസ്എസിൽ അംഗമായി പ്രവർത്തങ്ങളിൽ ഏർപ്പെടുകയും മികച്ച വിജയം നേടുകയും ചെയ്ത വോളണ്ടിയർമാർക്കും അവരെ പ്രാപ്തരാക്കിയ അദ്ധ്യാപകർക്കും പ്രധാന അദ്ധ്യാപകർക്കും ***ആശംസകൾ നേരുന്നു***. ഈ വിജയം ഉയർന്ന പഠനത്തിലും കാത്തു സൂക്ഷിക്കേണ്ടതാണ്.

ഒപ്പ്
പ്രോഗ്രാം കോഡിനേറ്റർ